## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2900

02.04.2013 ൽ മറുപടിക്ക്

### ആലപ്പുഴ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും അരി വിതരണം ഊർജ്ജിതമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ആലപ്പുഴ എഫ്.സി.ഐ. ഗോഡൗണിൽ അരി കെട്ടിക്കിടക്കുന്നതായുള്ള മാധ്യമ വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ആലപ്പുഴ ജില്ലയിലെ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും അരി നീക്കം മന്ദഗതിയിലാണ് നടക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) ആലപ്പുഴ എഫ്.സി.ഐ. ഡിപ്പോയിൽ വിതരണത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് കുറവായിരുന്നു. ആവശ്യമായത്ര ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2013 ഫെബ്രുവരി മാസത്തെ മുഴുവൻ വിഹിതവും വിട്ടെടുത്തിട്ടുണ്ട്. |
| (സി) ആലപ്പുഴയിലെ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും അരി വിതരണം ഊർജ്ജിതപ്പെടുത്തി റേഷനിംഗ് സംവിധാനം കുറ്റമറ്റതാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) ആലപ്പുഴ എഫ്.സി.ഐ. ഡിപ്പോയിൽ സ്റ്റോക്കിന്റെ ലഭ്യതക്കുറവുമൂലം റേഷൻ വിഹിതം ലാപ്സായിട്ടില്ല. സ്റ്റോക്കിന്റെ ലഭ്യതക്കുറവുള്ള സാഹചര്യങ്ങളിൽ ആവശ്യമായ സ്റ്റോക്കെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ആലപ്പുഴ ജില്ലയിൽ എഫ്.സി.ഐ. ഡിപ്പോയിൽ നിന്നുള്ള വിതരണത്തിനുപുറമേ സപ്ലൈകോ മുഖേനയുള്ള കുത്തരിവിതരണവും നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.